മാധ്യമം

05 July 2018

# പുരസ്കാര തിളക്കത്തിൽ സി.എം.എഫ്.ആർ.ഐ

● 16ന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും



ഡോ. അനുശ്രീ വി. നായർ, ഡോ. എൽദോ വർഗീസ്, ഡോ. കാജൽ ചക്രവർത്തി

**കൊച്ചി:** ദേശീയ കാർഷിക ഗവേഷണ കൗൺസിലിൻെറ (ഐ.സി.എ.ആർ) ഇത്തവണത്തെ പുരസ്കാര പ്രഖ്യാപനങ്ങളിൽ തിളങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ദേശീയ തലത്തിൽ ശ്രദ്ധേയമായ നാല് പുരസ്കാരങ്ങളാണ് സി.എം.എഫ്.ആർ.ഐക്ക് ലഭിച്ചത്.

കാർഷിക മേഖലയിലെ ഗവേഷണ മികവിന് റാഫി അഹ്മദ് കിദ്വായ് പുരസ്കാരത്തിന് സീനിയർ സയൻറിസ്റ്റ് ഡോ. കാജൽ ചക്രവർത്തി, ലാൽബഹദൂർ ശാസ്ത്രി യുവ ശാസ്ത്രജ്ഞനുള്ള പുരസ്കാരത്തിന് സയൻറിസ്റ്റ് ഡോ. എൽദോ വർഗീസ്, മികച്ച ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനുള്ള ജവഹർലാൽ നെഹ്റു പുരസ്കാരത്തിന് ടെക്നിക്കൽ അസിസ്റ്റൻറ് ഡോ. അനുശ്രീ വി. നായർ എന്നിവർ അർഹരായി.

കൂടാതെ, ഔദ്യോഗിക ഭാഷ ഹിന്ദിയുടെ പ്രചാരണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനങ്ങൾക്ക് രാജർഷി ടാണ്ടൻ പുരസ്കാരവും സി.എം.എഫ്.ആർ.ഐ നേടി. കടൽ പായലിൽനിന്ന് പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയിഡ് തുടങ്ങിയ രോഗങ്ങൾക്ക് ഔഷധോൽപന്നങ്ങൾ വികസിപ്പിച്ചതടക്കം ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഡോ. കാജലിന് പുരസ്കാരം ലഭിച്ചത്. അഞ്ച് ലക്ഷവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

കാർഷിക ഗവേഷണ പരീക്ഷണങ്ങളിൽ ഉപയോഗിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഡിസൈനുകൾ വികസിപ്പിച്ചതിനാണ് ഡോ. എൽദോക്ക് പുരസ്കാരം ലഭിച്ചത്.

ഒരു ലക്ഷം രൂപക്കു പുറമെ, 30 ലക്ഷം രൂപയുടെ മൂന്നുവർഷത്തേക്കുള്ള ഗവേഷണ പ്രോജക്ടും വിദേശ പരിശീലനവും പുരസ്കാരത്തിൻെറ ഭാഗമായി ലഭിക്കും. ചെമ്മീൻ കൃഷിയിൽ ആൻറിബയോട്ടിക്കിന് ബദലായി ഉപയോഗിക്കാവുന്ന പ്രോബയോട്ടിക് ബാക്ടീരിയയെ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട ഡോക്ടറൽ ഗവേഷണം പൂർത്തിയാക്കിയതാണ് ജവഹർലാൽ നെഹ്റു പുരസ്കാരം നേടാൻ ഡോ. അനുശ്രീക്ക് അവസരമൊരുക്കിയത്. 50,000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

രാജ്യത്തിൻെറ സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളുടെ മികവിനുള്ള അംഗീകാരമാണ് പുരസ്കാരങ്ങളെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഐ.സി.എ.ആറിൻെറ സ്ഥാപകദിനമായ 16ന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.